ക്ലാസ് : 3

വിഷയം : ഗണിതം

യൂണിറ്റ് : 2.

പ്രതീക്ഷിക്കുന്ന സമയം : 2 പിരീയഡ്.

തിയതി :

പഠനലക്ഷ്യം : സംഖ്യകൾ രൂപീകരിച്ചും ക്രമപ്പെടുത്തിയും തിരിച്ചറിഞ്ഞും താരതമ്യം ചെയ്യുന്നു.
: മൂന്നക്ക സംഖ്യകളുടെ താരതമ്യം
: ആരോഹണ അവരോഹണക്രമത്തിലെഴുതൽ
: ഒരു നിശ്ചിത സംഖ്യകളിൽ നിന്നും വലിയ സംഖ്യ കണ്ടെത്തൽ.

ആശയങ്ങൾ/ധാരണകൾ : മൂന്നക്ക സംഖ്യകളെ ആരോഹണ/അവ-രോഹണ ക്രമത്തിലെഴുതൽ.

ശേഷികൾ/നൈപുണികൾ : മൂന്നക്ക സംഖ്യകൾ താരതമ്യം ചെയ്യുന്നു. വലുപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്നു.

മൂല്യം/മനോഭാവം : പരിസ്ഥിതി സംരക്ഷണം, സ്നേഹം, കരുതൽ.

പഠനോപകരണങ്ങൾ : സ്ഥാനവില സ്ട്രിപ്പുകൾ, സംഖ്യാകാർഡുകൾ

## പ്രവർത്തന പ്രക്രിയ വിശദാംശങ്ങൾ വിലയിരുത്തൽ

ആദ്യമാര്?

കുട്ടികളെ 4/5 പേരടങ്ങുന്ന ഗ്രൂപ്പുകളാക്കുന്നു. വിസിൽ മുഴങ്ങുമ്പോൾ ഓരോ ഗ്രൂപ്പും അവരുടെ ഉയരത്തിനനുസരിച്ച് സ്വയം ക്രമീകരിച്ചു നിൽക്കുന്നു. ഏറ്റവും ആദ്യം ശരിയായി ക്രമീകരിച്ചു നിൽക്കുന്ന ഗ്രൂപ്പ് വിജയിക്കുന്നു.

തുടർന്ന് ഓരോ ഗ്രൂപ്പിനും ഒന്നിന്റെയും പത്തിന്റെയും നൂറിന്റെയും സ്ഥാനവില സ്ലിപ്പ് അടങ്ങുന്ന ഓരോ സെറ്റ് കാർഡുകൾ നൽകുന്നു.

ഗ്രൂപ്പിലെ ഓരോരുത്തരും സ്ഥാനവില സ്ലിപ്പുപയോഗിച്ച് ഓരോ സംഖ്യ വീതം രൂപീകരിക്കണം. ഗ്രൂപ്പിൽ ഏറ്റവും വലിയ സംഖ്യ രൂപീകരിച്ചയാൾ വിജയി.

ഓരോ ഗ്രൂപ്പും രൂപീകരിച്ച ഏറ്റവും വലിയ സംഖ്യ B.B/ചാർട്ടിൽ എഴുതുന്നു. ബോർഡിലെഴുതിയ സംഖ്യയിൽ നിന്ന് ഏറ്റവും വലിയ സംഖ്യയും ചെറിയ സംഖ്യയും വ്യക്തിഗതമായി എഴുതുന്നു.

### സഹോദരന്റെ സമ്മാനം

കേരളത്തിലെ നദികളെക്കുറിച്ച് ചർച്ച

* ആകെ എത്ര നദികൾ
* നിങ്ങളുടെ ജില്ലയിലൂടെ ഒഴുകുന്ന നദികളേതൊക്കെ?

* നദികൾ സംരക്ഷിക്കപ്പെടേണ്ട
തിന്റെ ആവശ്യകത

പാഠപുസ്തകത്തിലെ പേജ് നമ്പർ 30-ലെ 'സഹോദരന്റെ സമ്മാനം' എന്ന നദികളുമായി ബന്ധപ്പെട്ട പ്രവർത്തനം വ്യക്തിഗതമായി വായിക്കുന്നതിനവസരം നൽകുന്നു.

* എന്ത നദികളുടെ നീളമാണ് പാഠപുസ്തകത്തിൽ നൽകിയിട്ടുള്ളത്?

Tr. പേജ് പൊതുവായി വായിച്ച് ചർച്ച ചെയ്യുന്നു. പ്രവർത്തനം പൂർത്തീകരിക്കുവാനാവശ്യപ്പെടുന്നു. പേജ് സ്വയം വിശകലനം നടത്താൻ കഴിയാത്തവർക്കായി ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

* പുസ്തകത്തിൽ തന്നിരിക്കുന്നതിൽ 100 കി.മീറ്ററിൽ കുറവ് നീളമുള്ള എത്ര നദികളുണ്ട്? ഇവയിൽ നീളം കൂടിയതേത്? കുറഞ്ഞതേത്?

ഉത്തരം കണ്ടെത്തിയ രീതി

ആദ്യം കൂടുതൽ പത്തുകളുള്ള സംഖ്യ ഏതെന്ന് കണ്ടെത്തുന്നു. പത്തുകളുടെ എണ്ണം തുല്യമാണെങ്കിൽ കൂടുതൽ ഒന്നുകളുള്ള സംഖ്യ കണ്ടെത്തി വലിയ സംഖ്യ തിരിച്ചറിയുന്നു

* 100 കി.മീറ്ററിനും 200 കിലോമീറ്ററിനും
ഇടയിൽ നീളമുള്ള നദികളുണ്ടോ?
അവ ഏതെല്ലാം?
അവയിൽ ഏറ്റവും നീളം കൂടിയതേത്?
കുറഞ്ഞതേത്?
ഉത്തരം കണ്ടെത്തിയ രീതി

---

ആദ്യം നൂറുകളുടെ എണ്ണം പരിശോധിക്കുന്നു. നൂറുകളുടെ എണ്ണം തുല്യമാണെങ്കിൽ പത്തുകളുടെ എണ്ണം പരിശോധിക്കുന്നു. പത്തുകളുടെ എണ്ണവും തുല്യമാണെങ്കിൽ ഒന്നുകളുടെ എണ്ണം പരിഗണിക്കണം.

* 200 കി.മീറ്ററിൽ കൂടുതൽ നീളമുള്ള
നദികളേതെല്ലാം?
ഇവയിൽ ~~വലുതേത്?~~ ഏറ്റവും നീളം കൂടിയതേത്?
കുറഞ്ഞതേത്?

* ഏറ്റവും വലിയ നദിയും ചെറിയ
നദിയും കണ്ടെത്തുന്നു.

* ചാലിയാറിന്റെ നീളം എത്ര?
കണ്ടെത്തിയെഴുതുന്നു.

* ചാലിയാറിനെക്കാൾ നീളം കൂടിയ
നദികൾ കണ്ടെത്തിയെഴുതുന്നു.

* അവയുടെ നീളത്തെ വലുതിൽ
നിന്ന് ചെറുതിലേക്ക് എന്ന ക്രമത്തിൽ
എഴുതുന്നു.

വലുതിൽ നിന്ന് ചെറുതിലേക്ക്
ക്രമത്തിലെഴുതാൻ കഴിയാത്തവർക്കായി
നദികളുടെ നീളത്തിന്റെ അളവിനെ

സ്ഥാനവില രേഖപ്പെടുത്തിയ പട്ടികയിലാക്കി പ്രവർത്തനം പൂർത്തിയാക്കുവാൻ സഹായിക്കുന്നു.

| സംഖ്യ | നൂറുകൾ | പത്തുകൾ | ഒന്നുകൾ |
|---|---|---|---|
| | | | |

തുടർ പ്രവർത്തനം

ഓരോ കുട്ടിക്കും മൂന്നക്കസംഖ്യകൾ എഴുതിയ 10 സംഖ്യാ കാർഡുകൾ നൽകുന്നു. കുട്ടികളത് വലിയ സംഖ്യയിൽ നിന്ന് ചെറിയ സംഖ്യയിലേക്ക് എന്ന ക്രമത്തിൽ ചാർട്ടിലൊട്ടിക്കട്ടെ.

പ്രതിഫലനാത്മക കുറിപ്പ്.